ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ (കാറ്റഗറി നം.112/2021 മുതൽ 121/2021 വരെയും (Gazette Date 30/04/2021), 343/2021,344/2021 (Gazette Date 15/09/2021)) വരെയും ഉള്ള തസ്തികകൾക്ക് 17.10.2012 തീയതിയിലെ G.O (P) No. 61/2012/SWD നം.സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 3% സംവരണം ഏർപ്പെടുത്തുന്നതിലേയ്ക്കായും, വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ ടീച്ചർ മലയാളം (By Transfer) (Category No.660/2021 , Gazette Date 30/12/2021) തസ്തികയിൽ Binder തസ്തിക By Transfer യോഗ്യതയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂട്ടിച്ചേർക്കൽ വിജ്ഞാപനവും, KSEB യിലെ Sub Engineer (Electrical) തസ്തികയിൽ (Category No.553/2021, Gazette Date 30/11/2021) പ്രായപരിധി 18-36 എന്നത് 18-37 എന്ന് തിരുത്തിയുള്ള വിജ്ഞാപനവും **10.08.2022 തീയതിയിലെ അസാധാരണ ഗസറ്റിൽ** പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കൂട്ടിച്ചേർക്കൽ / തിരുത്തൽ വിജ്ഞാപനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസരം **11.08.2022 തീയതി മുതൽ 25.08.2022 അർദ്ധരാത്രി വരെ** നൽകിയിട്ടുണ്ട്.

Cat.No.553/2021 പ്രകാരം ഉള്ള KSEB യിലെ Sub Engineer തസ്തികയുടെ വിജ്ഞാപന പ്രകാരം 02.01.1984-നും 01.01.1985 നും (രണ്ടു തീയതികളും ഉൾപ്പെടെ) ജനിച്ച അർഹരായ ഉദ്യോഗാർത്ഥികൾക്കും, Cat.No.660/2021 പ്രകാരം ഉള്ള വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ ടീച്ചർ മലയാളം (By Transfer) തസ്തികയ്ക്ക് വിജ്ഞാപന പ്രകാരം യോഗ്യരായിരുന്ന ബൈൻഡർ തസ്തികയിൽ ഉൾപ്പെട്ടവർക്കും മാത്രമാണ് പ്രസ്തുത തസ്തികകളുടെ അനുബന്ധ വിജ്ഞാപന പ്രകാരം അപേക്ഷിക്കാൻ അർഹതയുള്ളത്. വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.